# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1049 — 21.03.2013 - ൽ മറുപടിക്ക്

## ഓട്ടിസം ബാധിച്ച കുട്ടികൾക്കു വേണ്ടി അദ്ധ്യാപക നിയമനം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ | | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഓട്ടിസം ബാധിച്ച കുട്ടികൾക്കായി പ്രത്യേക പരിശീലനം ലഭിച്ച അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ; ഓപ്പൺ സ്കൂളിൽ എട്ടാം ക്ലാസ് വരെ പരിശീലനം ലഭിച്ച എത്ര അദ്ധ്യാപകർ ഉണ്ട്; | (എ) | ഓട്ടിസം ഉൾപ്പെടെ വിവിധ വിഭാഗങ്ങളിൽപ്പെട്ട പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികളെ സഹായിക്കുന്നതിന് ഹൈസ്കൂളുകളിൽ ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ഓഫ് ഡിസ്ഏബിൾഡ് അറ്റ് ദ സെക്കണ്ടറി സ്റ്റേജ് പദ്ധതിയിൻ കീഴിൽ റിസോഴ്സ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. ഓപ്പൺ സ്കൂളിൽ ഈ പദ്ധതിയിൻ കീഴിൽ ആരെയും നിയമിച്ചിട്ടില്ല. |
| (ബി) | ഒമ്പതാം ക്ലാസ് മുതൽ മാത്രമാണ് ഇത്തരം അദ്ധ്യാപകരുടെ സേവനം ഓട്ടിസം ബാധിച്ച കുട്ടികൾക്ക് ലഭിക്കുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ഓഫ് ഡിസ്ഏബിൾഡ് അറ്റ് ദ സെക്കണ്ടറി സ്റ്റേജ് പദ്ധതിയിൻ കീഴിൽ 9 മുതൽ 12 വരെ ക്ലാസ്സുകളിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കു വേണ്ടി റിസോഴ്സ് അദ്ധ്യാപകരുടെ സേവനം നൽകി വരുന്നുണ്ട്. 1 മുതൽ 8 വരെ ക്ലാസ്സുകളിലെ ഇത്തരം വിദ്യാഭ്യാസത്തിന് സർവ്വ ശിക്ഷ അഭിയാൻ വഴി സഹായം നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ചെറിയ ക്ലാസുകളിൽ പരിശീലനം ലഭിച്ച അദ്ധ്യാപകർ ഇല്ലാത്തതിനാൽ ഓട്ടിസം ബാധിച്ച കുട്ടികൾക്ക് ഓപ്പൺ സ്കൂളുകൾ ഉപേക്ഷിച്ച് സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കേണ്ട സാഹചര്യം നിലനിൽക്കുന്നുണ്ടോ; | (സി) | ഇൻക്ലൂസീവ് എഡ്യൂക്കേഷന്റെ ഭാഗമായി 1 മുതൽ 8വരെ ക്ലാസ്സുകളിലെ കുട്ടികളെ സഹായിക്കാനായി സർവ്വ ശിക്ഷ അഭിയാനും അതിനുശേഷം 9 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികളെ സഹായിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ഓഫ് ഡിസ്ഏബിൾഡ് അറ്റ് ദ സെക്കണ്ടറി സ്റ്റേജ് സ്കീമിലും അദ്ധ്യാപകരെ നിയമിക്കുന്നു. |
| (ഡി) | പരിശീലനം ലഭിച്ച അദ്ധ്യാപകരെ ചെറിയ ക്ലാസുകളിൽ നിയമിക്കാതെ ഒമ്പതാം ക്ലാസ് മുതൽ മാത്രം നിയമിക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ; | (ഡി) | 2009-10 വരെ നിലവിലുണ്ടായിരുന്ന IEDC (Integrated Education of the Disabled Children) പദ്ധതിയിൻ കിഴിൽ 1 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് സേവനം നൽകി വന്നിരുന്നു. സർവ്വ ശിക്ഷ അഭിയാനും ഇതേ സഹായങ്ങൾ നൽകുന്നുണ്ട് എന്നതിനാൽ ആവർത്തനം ഒഴിവാക്കുന്നതിന് വേണ്ടി 1 മുതൽ 8 വരെ സർവ്വ ശിക്ഷ അഭിയാനും 9 മുതൽ 12 വരെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ഓഫ് ഡിസ്ഏബിൾഡ് അറ്റ് ദ സെക്കണ്ടറി സ്റ്റേജും ആയി സ്കീം കേന്ദ്ര ഗവൺമെന്റിന്റെ മാനവ ശേഷി വികസന മന്ത്രാലയം വിഭജിച്ചതിന്റെ അടിസ്ഥാനത്തിലാണ് റിസോഴ്സ് അദ്ധ്യാപകരെ ഹൈസ്കൂളുകളിൽ നിയമിക്കുന്നത്. |

| | | | |
|---|---|---|---|
| (ഇ) | ഓട്ടിസം ബാധിച്ച കുട്ടികളെ ചെറിയ ക്ലാസ് മുതൽ പരിശീലിപ്പിക്കുന്നതിന് അദ്ധ്യാ-പകരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഇ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ഓഫ് ഡിസ്ഏബിൾഡ് അറ്റ് ദ സെക്കണ്ടറി സ്റ്റേജ് 9 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായാണ് നടപ്പാക്കി വരുന്നത്. ഈ പദ്ധതിയിൻ കീഴിൽ ചെറിയ ക്ലാസ്സുകളിൽ അദ്ധ്യാപകരെ നിയമിക്കാൻ സാധിക്കുകയില്ല. ഹൈസ്കൂളുകളോട് ചേർന്ന് പ്രവർത്തിക്കുന്ന LP/UP ക്ലാസ്സുകളിലെ കുട്ടികളേയും ഹൈസ്കൂളുകളിൽ നിയമിക്കപ്പെടുന്ന റിസോഴ്സ് അദ്ധ്യാപകർ ശ്രദ്ധിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ